**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 477** **24-08-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സ് സ്കൂളിന്റെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന എൻ.ജി.ഒ. ക്വാർട്ടേഴ്സ് സ്കൂളിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കെട്ടിടത്തിന്റെ ഡ്രോയിംഗിൽ ചില മാറ്റങ്ങൾ വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന എൻ.ജി.ഒ ക്വർട്ടേഴ്സ് സ്കൂളിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഡ്രോയിങ്സ്-ൽ "പ്രിസം പദ്ധതി" യുടെ കീഴിൽ വരുന്ന മാസ്റ്റർ പ്ലാൻ അനുസരിച്ച് ഭേദഗതി വരുത്തണമെന്ന് സ്കൂൾ അധികാരികളും ബഹു. എം.എൽ.എ യും ആവശ്യപെട്ടിരുന്നു. ടി ഭേദഗതി വരുത്തി പദ്ധതി നിർവ്വഹണ ഏജൻസിയായ ഇൻകൽ ലഭ്യമാക്കിയ ഡ്രോയിങ്സ് കിഫ്ബി സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | ആയതിന് ടെക്നിക്കൽ അനുമതി എപ്പോൾ ലഭിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | ഡ്രോയിങ്സിന് കിഫ്ബി സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ അംഗീകാരം ലഭിച്ച ശേഷം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ടെക്നിക്കൽ കമ്മിറ്റിയാണ് സാങ്കേതിക അനുമതി നൽകുന്നത്. |
| (സി) | പ്രസ്തുത പ്രോജക്ട് പൂർത്തിയാക്കുന്നതിന് ആവശ്യമായ ബാക്കി തുക കൂടി ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടി രൂപ കിഫ്ബിഫണ്ടിൽ ഉൾപെടുത്തി നിർമ്മിക്കുന്ന പദ്ധതിയാണ് എൻ.ജി.ഒ ക്വർട്ടേഴ്സ് സ്കൂളിന്റെ കെട്ടിട നിർമ്മാണം. ടി പദ്ധതിയ്ക്ക് കിഫ്ബി ധനാസഹായമായി നൽകാവുന്ന പരമാവധി തുക 3 കോടിയാണ്. എന്നിരുന്നാലും ഭേദഗതിവരുത്തിയ ഡ്രോയിങ്സിന് കിഫ്ബി സാങ്കേതിക പരിശോധനാ വിഭാഗത്തിൽ നിന്നും അംഗീകാരം ലഭിച്ച ശേഷം പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭയിലെ ആറാം സമ്മേളനം - ബഹു. എം.എൽ.എ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ സഭയിൽ ഉന്നയിച്ചതും, ശ്രീ. കെ.എൻ. ബാലഗോപാൽ ധനകാര്യ വകുപ്പുമന്ത്രി 24.08.2022 ൽ മറുപടി നൽകേണ്ടിയിരുന്നതുമായ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 477 കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സ് സ്കൂളിന്റെ കെട്ടിട നിർമ്മാണം എന്ന ചോദ്യത്തിന് മറുപടി നൽകുന്നതിലുണ്ടായ കാലതാമസം വിശദമാക്കുന്ന പത്രിക.**

***(എ)*** കോഴിക്കോട് കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന എൻ.ജി.ഒ. ക്വാർട്ടേഴ്സ് സ്കൂളിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കെട്ടിടത്തിന്റെ ഡ്രോയിംഗിൽ ചില മാറ്റങ്ങൾ വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ***(ബി)*** ആയതിന് ടെക്നിക്കൽ അനുമതി എപ്പോൾ ലഭിക്കുമെന്ന് വ്യക്തമാക്കാമോ; ***(സി)*** പ്രസ്തുത പ്രോജക്ട് പൂർത്തിയാക്കുന്നതിന് ആവശ്യമായ ബാക്കി തുക കൂടി ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കാമോ? ടി ചോദ്യത്തിന് മറുപടി നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിലുണ്ടായ സ്വാഭാവിക കാലതാമസം അല്ലാതെ ഇക്കാര്യത്തിൽ മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല എന്ന് വിനയപൂർവ്വം അറിയിച്ചു കൊള്ളുന്നു.

Reji John

**ജോയിന്റ് സെക്രട്ടറി**